ഡി.സി3-11883/2020 തീയതി: 07/09/2021

## ബഹു. മുഖ്യ മന്ത്രിയുടെ 100 ദിന കർമ്മ പരിപാടി

## കുറിപ്പ്

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ നഗര പ്രദേശത്ത് നഗരകാര്യ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതിയാണ് അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി. നഗരപ്രദേശങ്ങളിലെ കുടുംബങ്ങളുടെ ജീവിത സുരക്ഷ അവിദഗ്ധ തൊഴിൽ നൽകി ഉറപ്പാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നഗരങ്ങളിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയ ഇൻഡ്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് നൽകുന്ന അതേ വേതനമാണ് (291/- രൂപ) അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിക്കും നൽകുന്നത്. പൂർണ്ണമായും സംസ്ഥാന സർക്കാർ വിഹിതം ഉപയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2019-20 സാമ്പത്തിക വർഷം മുതൽ ക്ഷീര കർഷകരെയും അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സുഭിക്ഷ കേരളം പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ട നിലം ഒരുക്കൽ, മറ്റ് ഭൂവികസന പ്രവർത്തനങ്ങൾ എന്നിവയെല്ലാം പൂർണ്ണമായും അയ്യൻകാളി നഗര തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ചെയ്തു വരുന്നതാണ്. കോവിഡ് 19 സൃഷ്ടിച്ച പ്രതിസന്ധിക്കിടയിലും പദ്ധതി നടത്തിപ്പിൽ ഗണ്യമായ പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്. 2020-21 സാമ്പത്തിക വർഷത്തിൽ അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ 105.21 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളതാണ്. ബഹു. മുഖ്യമന്ത്രിയുടെ 100 ദിന കർമ്മ പരിപാടിയിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം കൊണ്ട് 8 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കണമെന്ന നിർദ്ദേശം ലഭിച്ചിരുന്നു.

ടി പദ്ധതിയിൽ 100 ദിവസങ്ങൾ കൊണ്ട് 8,05,402 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് നഗരകാര്യ വകുപ്പ് ലക്ഷ്യം കൈവരിച്ചിട്ടുള്ളതും 26.42 കോടി രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. ടി കാലയളവിൽ തൊഴിലുറപ്പ് പദ്ധതിയിൽ സ്ത്രീകൾ 85% ഉം പുരുഷൻമാർ 15% ഉം തൊഴിൽ എടുത്തിട്ടുള്ളതാണ് (ജനറൽ വിഭാഗത്തിൽ 80%, എസ് സി വിഭാഗത്തിൽ 15%, എസ് ടി വിഭാഗത്തിൽ 5%) എന്ന വിവരം അറിയിച്ചു കൊള്ളുന്നു.

നഗരകാര്യ ഡയറക്ടർ